501

Sl. No.

www.mathsblog.in

# T.H.S.L.C EXAMINATION, MARCH-2013

## MALAYALAM

Time : 1½ Hours | Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഇത് ചോദ്യം വായിക്കുന്നതിനും ഉത്തരം മനസ്സിൽ ക്രമീകരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾക്കനുസരിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

Score

1. മാതൃക പോലെ പദങ്ങൾ ഉചിതമായി മാറ്റി എഴുതുക. 2

രചനാ കൗശലം - രചനയിലെ കൗശലം

സാമൂഹ്യനീതി

ആത്മോന്നതി

2. അടിവരയിട്ട പദങ്ങൾ സന്ദർഭത്തിനു വരുത്തുന്ന അർത്ഥവ്യത്യാസം കണ്ടെത്തി വിശദമാക്കുക. 2

അങ്ങനെ വന്നാൽ കുതിരപ്പുറം <u>കുന്താവും</u>.

അങ്ങനെ വന്നാൽ <u>കുന്തം കൊണ്ടാവും</u> മറുപടി.

3. മാതൃകപോലെ പിരിച്ചെഴുതി പദങ്ങൾക്ക് വന്ന മാറ്റം രേഖപ്പെടുത്തുക. 2

മാതൃക - പച്ചക്കാട് - പച്ച, കാട് (രണ്ടാമത്തെ പദത്തിന്റെ ഇരട്ടിപ്പ് പോയി)

പണമയക്കുക

യാത്രയാവുക

4. രണ്ടോ മൂന്നോ ലഘു വാക്യങ്ങളായി മാറ്റി എഴുതുക. 2

ഏറെക്കുറെ പുരുഷനൊപ്പം സ്വതന്ത്രതയവകാശപ്പെടാൻ സ്ത്രീകൾക്ക് സാധിച്ചിട്ടുണ്ടെ-ങ്കിൽ അതു വൃക്ഷലതാതികളുടേയും ജന്തുജാലങ്ങളുടേയുമൊക്കെ തൊട്ടയല്പക്കക്കാരാണെന്നു വിചാരിക്കാവുന്ന പണിയാളർക്കിടയിൽ മാത്രമാണ്.

P.T.O.

Score

**5 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക.**

5. സഖിമാരെ നമുക്കു ജനക പർശ്വേ 4
ചൊന്നാലല്ലി കൗതുകം?
സകലഭൂതലഗതകഥകൾ ചിലർ പറയും
സമയം കഴിപ്പതിനു സദുപായമിതു നല്ലൂ.

അടിയിൽ വരയിട്ട പ്രയോഗം ദമയന്തിയുടെ മാനസികാവസ്ഥ വെളിപ്പെടുത്തുന്നുണ്ടോ? സ്വന്തം നിരീക്ഷണം രേഖപ്പെടുത്തുക.

6. കൊച്ചു കുരുന്നുകൾ 4
ആഞ്ഞിലിമൂട്ടിൽ മണ്ണപ്പം ചുട്ടാറ്റിലെ
നീരിൽ മൂത്രമൊഴിച്ചു വിളർത്തു മെലിഞ്ഞു
വിശപ്പിൻ നെഞ്ചത്താഞ്ഞു തൊഴിച്ചു
കറുത്തു വളർന്നു വരുന്നതു കണ്ടു നടന്നു ഞാൻ.

ഗ്രാമീണ ബാല്യത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് കവി ഈ വരികളിലൂടെ നൽകുന്നത് ? വിലയിരുത്തി കുറിപ്പു തയ്യാറാക്കുക.

7. ഡെപ്യൂട്ടി എഡിറ്ററുടെ മൂർച്ചയുള്ള പേന അയാൾ എഴുതിയുണ്ടാക്കിയ കോപ്പിയിൽ നിന്നു വാക്കുകൾ കൊത്തിയെടുക്കുകയും വാചകങ്ങൾ ചീന്തിയെറിയുകയും ചെയ്തു. വാക്കുകൾ കൊത്തിയെടുക്കുക, വാചകങ്ങൾ ചീന്തിയെറിയുക എന്നീ പ്രയോഗങ്ങൾ ശിവരാമന്റെ മാനസികാവസ്ഥ പ്രതിഫലിപ്പിക്കുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക. 4

8. ഉള്ളിൽ കൊടും തീയാളിടും ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ സ്ത്രീയവസ്ഥകളെ ധരിത്രിയുമായി താരതമ്യപ്പെടുത്തുന്നതിലെ യുക്തി പരിശോധിച്ച് കുറിപ്പു തയ്യാറാക്കുക. 4

9. അറുമുഖന്റെ ഭാര്യ തന്റെ ചെറിയ ഭാണ്ഡത്തിൽ നിന്ന് അറ്റം പിഞ്ഞിയതെങ്കിലും കട്ടിയുള്ള ഒരു രോമപ്പുതപ്പെടുത്ത് അയാൾക്കു നേരെ നീട്ടി. 'എന്റെ ഓർമ്മക്ക് ഇത് കൈയ്യിലിരിക്കട്ടെ' അവർ പറഞ്ഞു. 4

യുവാവിന്റെ സമീപനം അറുമുഖന്റെ ഭാര്യയിൽ ആത്മവിശ്വാസം വളർത്തിയെന്ന് ഈ പ്രവർത്തി സൂചിപ്പിക്കുന്നുണ്ടോ? പരിശോധിച്ച് സ്വാഭിപ്രായം രേഖപ്പെടുത്തുക.

10. തെണ്ടിയെന്ന ബോധം പോയിത്തുടങ്ങി. വിരിച്ചു കിടന്നെങ്കിലേ ഉറക്കം വരൂ. തലയൊന്നു പൊക്കി വെയ്ക്കണം. നാക്കിനു സ്വാദറിയാമെന്നായി. (പട്ടാളക്കാരൻ) 4
രാമൻ നായരുടെ ജീവിതശൈലിയിലുണ്ടായ മാറ്റം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Score

11\. കണ്ടുകൂടായെനിക്കെന്നു ഗാന്ധാരിയും 6

മണ്ടിനാൾ വീണാളുരുണ്ടാൾ തെരുതെരെ.

ഗാന്ധാരി വിലാപം യുദ്ധത്തിന്റെ ഭീകരമുഖം നമ്മളെ ഓർമ്മിപ്പിക്കുന്നുണ്ടോ? ഗാന്ധാരി വിലാപത്തിന്റെ പശ്ചാത്തലത്തിൽ യുദ്ധവിരുദ്ധ സെമിനാറിൽ അവതരിപ്പിക്കാനുള്ള ഒരു ലഘു പ്രബന്ധം തയ്യാറാക്കുക.

**അല്ലെങ്കിൽ**

12\. "ആ തെമ്മാടി വഴിവക്കിനൊരു കിണറു കുഴിച്ചിരിക്കുന്നു. പശുവിനെ അഴിച്ചു വിട്ടാൽ കൂടെകൂടെ നോക്കണേ പിള്ളാരേ!" 6

"തീരെ ഗതികെട്ടാൽ കുടിച്ചു ചാവാൻ അവനു വല്ലവരുടേയും കിണറന്വേഷിക്കണ്ടല്ലോ" നിസ്വാർഥമായി സാമൂഹ്യപ്രവർത്തനം നടത്തുന്നവരോട് സമൂഹം ഇത്തരത്തിൽ പ്രതികരിക്കുന്നത് ഉചിതമാണോ? - നിസ്വാർഥ സേവനങ്ങളോട് ആധുനിക സമൂഹം പുലർത്തുന്ന സമീപനത്തെ വിമർശനാത്മകമായി വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക.

13\. ആസ്വാദനം തയ്യാറാക്കുക 6

**ഉപ്പ്**

അവൾ ഉറക്കെപ്പറഞ്ഞു
കണ്ണീരിൽ നിന്ന് ഉപ്പു കുറുക്കാൻ പഠിച്ചെന്ന്
കണ്ടു പിടിച്ചതിൽ അവൾക്ക് അഭിമാനം തോന്നി
പക്ഷേ തർക്കമായി, ഉപ്പിന്റെ പേറ്റന്റ് ആർക്കാ-
ണെന്നു ചൊല്ലി അവനും അവളും നിരന്തരം വഴക്കടിച്ചു.
ഒടുവിൽ തീരുമാനമായി, പേറ്റന്റ് അവന് തന്നെ.
കാരണം കണ്ണീരിൽ നിന്ന് ഉപ്പു കുറുക്കാൻ അവൾ പഠിച്ചുവെങ്കിൽ
അവളെ കരയാൻ പഠിപ്പിച്ചത് അവനായിരുന്നു.

(അമൃത എ.കെ.)

(പേറ്റന്റ് - ബൗദ്ധിസ്വത്തവകാശം)

- o 0 o -